श्रीशङ्कराचार्यसंस्कृतसर्वकलाशाला, कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി**

നം. എസിഡി.സി2/8998 /എസ്.എസ്.യു.എസ്./2022 തീയതി, 30.09.2022

## വിജ്ഞാപനം

വിഷയം:- 2022-23 അധ്യയന വർഷത്തിലെ ബിരുദ പ്രോഗ്രാമുകളിലെ ഒഴിവുള്ള സീറ്റുകളിലെ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിലും, പ്രാദേശിക കേന്ദ്രങ്ങളിലും 2022-23 അധ്യയന വർഷത്തിലെ വിവിധ സംസ്കൃത ബിരുദ പ്രോഗ്രാമുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

പ്ലസ്ടു/പ്രീഡിഗ്രി/വൊക്കേഷണൽ ഹയർ സെക്കന്ററി അഥവാ തത്തുല്യ യോഗ്യതയുള്ളവർക്ക് (രണ്ട് വർഷം) മേൽ പറഞ്ഞ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. പ്രായം 2022 ജൂൺ 1-ന് 22 വയസ്സിൽ കൂടുതൽ ആകരുത്.ഒഴിവുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പ് മേധാവി/പ്രാദേശിക കേന്ദ്രം ഡയറക്ടർമാർഎന്നിവരുമായി ബന്ധപ്പെടുക.

താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് സർവ്വകലാശാല വെബ്സൈറ്റ് (www.ssus.ac.in) വഴി ഓൺലൈനായി 03.10.2022, 5 pm ന മുൻപായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ ഹാർഡ് കോപ്പിയും, മാർക്ക് ലിസ്റ്റ് അടക്കമുള്ള നിർദ്ദിഷ്ട രേഖകളുടെ പകർപ്പും, അപേക്ഷാ ഫീസ് 50/- രൂപ (എസ്.സി/എസ്.ടി വിദ്യർത്ഥികൾക്ക് 10/- രൂപ) ഓൺലൈനായി അടച്ചതിന്റെ രസീതിയും ഉൾപ്പെടെ പ്രാദേശിക കേന്ദ്രങ്ങളിൽ അതത് ഡയറക്ടർമാർക്കും, കാലടി മുഖ്യ കേന്ദ്രത്തിൽ അതത് വകുപ്പ് മേധാവികൾക്കും 06.10.2022 തീയതിക്കു മുമ്പായി നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസ് www.ssus.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 01.07.2022 തീയതിയിലെ വിജ്ഞാപനം കാണുക.

രജിസ്ട്രാർ i/c

श्रीशङ्कराचार्यसंस्कृतसर्वकलाशाला, कालटी

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

നം. എസിഡി.സി2/8998 (S) /എസ്.എസ്.യു.എസ്./2022 തീയതി, 30.09.2022

## പരിപത്രം

വിഷയം :- 2022-23 അദ്ധ്യയന വർഷത്തെ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലെ പ്രവേശനം - സംബന്ധിച്ച്.

സൂചന :- 01.07.2022 ലെ ഇതേ നമ്പർ വിജ്ഞാപനം

2022-23 അദ്ധ്യയന വർഷത്തിലെ ബി.എ. സംസ്കൃതം (സാഹിത്യം, വേദാന്തം, ന്യായം, വ്യാകരണം, ജനറൽ), വിഭാഗത്തിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനത്തിനുള്ള സമയക്രമ പട്ടിക താഴെ പറയും പ്രകാരം ക്രമീകരിച്ച് ഉത്തരവായിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | തീയതി |
|---|---|---|
| 1 | വിജ്ഞാപന തീയതി | 30.09.2022 |
| 2 | ഓൺലൈൻ രജിസ്ട്രേഷൻ വഴി അപേക്ഷിക്കാനുള്ള അവസാന തീയതി | 03.10.2022 5 pm |
| 3 | മാർക്ക് ലിസ്റ്റ് അടക്കമുള്ള നിർദ്ദിഷ്ടരേഖകളുടെ പകർപ്പും, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും സഹിതം, പ്രാദേശിക കേന്ദ്രങ്ങളിൽ അതത് ഡയറക്ടർ മാർക്കും, കാലടി മുഖ്യകേന്ദ്രത്തിൽ അതത് വകുപ്പദ്ധ്യക്ഷന്മാർക്കും സമർപ്പിക്കേണ്ട അവസാന തീയതി | 06.10.2022 |
| 4 | ഇൻഡക്സ് മാർക്ക് അപ്‌ലോഡ് ചെയ്യുന്നതിനായി | 06.10.2022 |
| 5 | റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കുന്ന തീയതി | 07.10.2022 |
| 6 | സംസ്കൃതം (സാഹിത്യം, വേദാന്തം, ന്യായം, വ്യാകരണം, ജനറൽ) വിഭാഗത്തിലേക്ക് പ്രവേശനത്തിനുവേണ്ടിയുള്ള അഭിമുഖം ആരംഭിക്കുന്ന തീയതി | 10.10.2022 |
| 7 | 2022-23 അധ്യയന വർഷത്തെ ബിരുദ പ്രവേശന നടപടികൾ പൂർത്തീകരിക്കുന്ന തീയതി | 11.10.2022 |

മേൽ പട്ടികയനുസരിച്ച് ബന്ധപ്പെട്ട വകുപ്പുകളും പ്രാദേശിക കേന്ദ്രം ഡയറക്ടർമാരും ബിരുദ പ്രവേശനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവേശന നടപടിക്രമങ്ങൾ നിലവിലെ റെഗുലേഷൻ അനുസരിച്ചും സംവരണ ചട്ടങ്ങൾ പാലിച്ചും നടത്തേണ്ടതാണ്. കാലടി മുഖ്യകേന്ദ്രത്തിൽ അതത് വകുപ്പ് അദ്ധ്യക്ഷൻമാരും, പ്രാദേശിക കേന്ദ്രങ്ങളിൽ ഡയറക്ടർമാരും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷൻ വഴി 03.10.2022 തീയതിക്കു മുമ്പായി അപേക്ഷിക്കേണ്ടതും മാർക്ക് ലിസ്റ്റ് അടക്കമുള്ള നിർദ്ദിഷ്ട രേഖകളുടെ പകർപ്പും, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും സഹിതം, പ്രാദേശിക കേന്ദ്രങ്ങളിൽ അതത് ഡയറക്ടർമാർക്കും, കാലടി മുഖ്യ കേന്ദ്രത്തിൽ അതത് വകുപ്പ് മേധാവികൾക്കും 06.10..2022 തീയതിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്. പ്രവേശനം സംബന്ധിച്ച വിശദവിവരങ്ങൾ പ്രോസ്പെക്ടസിൽ ലഭ്യമാണ് ബിരുദ പ്രോഗ്രാമിലേക്കുള്ള വിശദവിവരങ്ങൾ www.ssus.ac.in ലും ലഭ്യമാണ് പ്രോഗ്രാമിന്റെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

രജിസ്ട്രാർ i/c

സ്വീകർത്താവ്:

1. വകുപ്പദ്ധ്യക്ഷന്മാർ/പ്രാദേശിക കേന്ദ്രം ഡയറക്ടർമാർ
2. സിസ്റ്റം അനലിസ്റ്റ് - വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്
3. പി.ആർ.ഒ

പകർപ്പ്

1) വി.സി./പി.വി.സി/രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) ഫിനാൻസ് ഓഫീസർ/ഡി ആർ/എ.ആർ (അക്കാദമിക് )
3) ഡി.എസ്.എസ്./ഡിപ്പാർട്ടുമെന്റൽ സിസ്റ്റം
4) കരുതൽ ഫയൽ/നടപ്പ് ഫയൽ